Mr. Tariatu Kunjitomman: എന്നില്ല. വേണമെന്നുപറയുന്നതിൽതന്നെ വളരെ ആവശ്യമെന്നു തോന്നുന്നതിന് മാത്രമേ നിയമമുണ്ടാക്കാവൂ. ഒരു വ്യക്തമായ സാമുദായിക നിയമം സമുദായത്തിന്റെ പൊതുവായ ആവശ്യം ക്രമേണ ഭേദപ്പെടുത്തുവാൻ തുടങ്ങുന്നതു സാഹസമാണ്. അതിനാൽ ഇങ്ങനെ ഒരു ബിൽ ഇപ്പോൾ ഇവിടെ കൊണ്ടുവരേണ്ട ആവശ്യമേ ഇല്ലായിരുന്നു. എന്നാൽ സമുദായത്തിന്റെ ഇടയിൽ ഇത്തരമൊരു നിയമഭേദഗതിയുടെ ആവശ്യം ഉണ്ടോ എന്നു പരിശോധിക്കുന്നതിനു മാത്രമാണെങ്കിൽ ഈ അവസരത്തിൽ ഈ ബിൽ കൊണ്ടുവന്നതുകൊണ്ട് തരക്കേടില്ല. മതിയായ പരിശോധനകളെല്ലാം നടത്തി സമുദായത്തിന്റെ പൊതുവായ അഭിപ്രായമറിഞ്ഞതിനുശേഷം വേണ്ടിവന്നാൽ വീണ്ടും അവതരിപ്പിക്കുന്നതിനായി ഇപ്പോൾ ഇതിനെ പിൻവലിക്കുന്നതു നന്നായിരിക്കും.

Mr. Komilezhathu Sankaran : ക്രൂസ്ത്യൻസമുദായത്തിന്റെ എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും ഇങ്ങനെ ഒരു നിയമം ഭേദഗതി ചെയ്യുന്നതിൽ വിപരീതാഭിപ്രായമുണ്ടോ ?

Mr. Tariatu Kunjitomman: ഒരു വിഭാഗവും ഇതിന്റെ ആവശ്യത്തെ വെളിവാക്കീട്ടില്ല.

Mr. K. P. Nilakanta Pillai : ക്രൂസ്ത്യൻസമുദായത്തിലെ സ്ത്രീകളുടെ അഭിപ്രായമാണോ മെംബർ പറയുന്നതെല്ലാം ?

Mr. Tariatu Kunjitomman : സ്ത്രീകളുടേയും പുരുഷന്മാരുടേയും അഭിപ്രായമാണ് ഞാൻ ഇവിടെ പറയുന്നതു്. ഇതിനുമുൻപും ഒരിക്കൽ ഞാൻ ഒരു സ്ത്രീമെംബറാണെന്നു സൂചിപ്പിച്ചു് ഒരു മെംബർ സംസാരിക്കയുണ്ടായി. ഞാൻ സ്ത്രീമെംബർ ആണോ എന്നു് ചിലർക്കു് സന്ദേഹമുണ്ടാകുന്നു; ആ വിധക്കാരും ഇവിടെയുണ്ടു്. എന്നാൽ ഒരു മാന്യസ്ത്രീയുടെ ഒഴിവിലാണ് എന്നെ ഗവണ്മെൻറു നിയമിച്ചിട്ടുള്ളതെന്നെല്ലാർക്കുമറിയാം. അതിനു പ്രത്യേകസൂചനവേണ്ട.

Mr. K. P. Nilakanta Pillai: ഞാൻ അങ്ങിനെ ഉദ്ദേശിച്ചിട്ടില്ല.

Mr. M. Govindan : സ്ത്രീകളുടെ അഭിപ്രായം എന്താണെന്നു പുരുഷന്മാർക്കും ഏതാണ്ടറിയുവാൻ കഴിയുകയില്ലയോ ?

Mr. Tariatu Kunjitomman : സമുദായത്തിന്റെ അഭിപ്രായം അറിയാൻ കഴിയും. അതു സ്ത്രീപുരുഷന്മാരുംപ്പെടുള്ളതാകുന്നു.

Mr. Komilezhathu Sankaran : ഈ സഭയിൽ കത്തോലിക്കാവിഭാഗക്കാരല്ലാതെ മറ്റു വിഭാഗക്കാർ ഇല്ലെന്നറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

Mr. Tariatu Kunjitomman : അറിയാം. എന്നാൽ ഇദ്ദ്യോഗസ്ഥഭാഗത്തു മിസ്റ്റർ ജോൺഡ്. ക്രസ്ത്യൻസമുദായത്തിനു നിയമത്തിൽ എന്തെങ്കിലും വ്യത്യാസംവേണമെന്നു ഒരു വിഭാഗവും ആവശ്യപ്പെട്ടിട്ടില്ല. തിരുവിതാംകൂർസംസ്ഥാനിക കത്തോലിക്കാ കാണ്ഗ്രസ്, അഖിലകേരളകത്തോലിക്കാകാൺഗ്രസ്, കേരളക്രൈസ്തവസമിതി, ക്രൈസ്തവസ്ത്രീസമാജങ്ങൾ, ഇവിടെയെങ്ങുംതന്നെ, പാസാക്കിയിട്ടുള്ള നിശ്ചയങ്ങളിലൊ, പ്രസംഗങ്ങളിലൊ അല്ലെങ്കിൽഅദ്ധ്യക്ഷപ്രസംഗങ്ങളിലൊ ഇതിന്റെ ആവശ്യമുണ്ടെന്നു സൂചിപ്പിച്ചിട്ടുപോലുമില്ല. ക്രസ്ത്യാനിക്കുംകുപലപത്രങ്ങളുണ്ട്. ഈ ആവശ്യത്തെക്കുറിച്ച് അവയിലൊന്നുംതന്നെയാതൊന്നും പ്രതിപാദിച്ചിട്ടില്ല. ഇങ്ങനെയെല്ലാമിരിക്കേ, ഈ അവസരത്തിൽ ഇങ്ങനെ ഒരു ബിൽ അവതരിപ്പിക്കേണ്ട ആവശ്യമില്ല. ഇതാണ് എനിക്കു യോജിക്കാൻ നിവൃത്തിയില്ലാത്തതിനുള്ള ഒന്നാമത്തെ കാരണം.

രണ്ടാമത്തെകാരണം, ഈ ഭേദഗതികൾ ഒന്നും സമുദായത്തിനു ഗുണകരമല്ല എന്നുള്ളതാണ്. എന്റെ സ്നേഹിതൻ മി. കട്ടക്കയം കൊണ്ടുവന്നിരിക്കുന്ന ഭേദഗതിയിൽ ചാർച്ചയുള്ള ആരെങ്കിലും എന്തെങ്കിലും സംഖ്യ ഒരു സ്ത്രീക്കുകൊടുത്താൽ അതു സ്ത്രീധനമായി ഗണിച്ച് സ്ത്രീധനത്തിനുള്ള അവകാശം നഷ്ടപ്പെടുന്നതായി പറയുന്നു. അങ്ങിനെ വരുമ്പോൾ, ഏതെങ്കിലും സഖ്യേ ഒരു പെൺകുട്ടിക്കു സംഭാവനയായിട്ടു ഏതെങ്കിലും ചാർച്ചക്കാരുടെ കയ്യിൽനിന്നും കിട്ടിയേക്കാവുന്നതും അതു സ്ത്രീധനമായി പരിഗണിച്ചാൽ തൻമൂലം പിതൃസ്വത്തിൽനിന്നൊന്നും കിട്ടാനിടയില്ലാതെ വരികയും ചെയ്യുന്നതാണ്. ഒരു പെൺകുട്ടിയെ കല്യാണം കഴിക്കുന്ന അവസരത്തിൽ സംബന്ധികളാരെങ്കിലും എന്തെങ്കിലും ഒരു സംഭാവനചെയ്യുകയെന്നുള്ളതു മനുഷ്യസഹജമാണ്. ഇതെല്ലാം പിതൃസ്വത്തിന്റെ അവകാശമായി ഗണിക്കണമെന്നു വരുന്നതുകഷ്ടമായിരിക്കും.

Mr. Kayalam Parameswaran Pillai: ഇത്തരം സംഭാവനകൾ സ്ത്രീധനമായിട്ടു ഗണിക്കുന്നതിൽ എന്താണുവിഷമം? അതും സ്ത്രീധനമായിഎടുത്തുകൊള്ളട്ടെ.

Mr. Tariatu Kunjitomman : പിന്നീടു ആരെല്ലാം കൊടുത്തുഎന്തെല്ലാംകൊടുത്തു എത്രകൊടുത്തു എന്നെല്ലാംകണ്ടുപിടിക്കുവാനുംതെളിയിക്കുവാനും തൻമൂലംവ്യവഹാരത്തിനും നടക്കേണ്ടിവരും.

Mr. Kayalam Parameswaran Pillai. അങ്ങിനെ കണ്ടുപിടിക്കേണ്ട ആവശ്യമില്ലല്ലൊ. കിട്ടുന്നതു സ്ത്രീധനമായിട്ടെടുത്തുകൊള്ളട്ടെ.

LIBRARY ARCHIVES Kerala Legislative Assembly

Mr. Tariatu Kunjitomman : അതുമാത്രമല്ല വാസ്തവത്തിൽ കിട്ടേണ്ടസ്ത്രീധനത്തിനുൽനിന്നും കുറയുകയല്ലയോ? ബന്ധുക്കൾകൊടുക്കുന്ന ഇഷ്ടദാനം സ്ത്രീധനമാകുന്നതു കഷ്ടമല്ലേ?

Mr. Komilezhathu Sankaran : മെംബറിന്റെ അഭിപ്രായപ്രകാരം സ്ത്രീധനം പിതൃസ്വത്തിൽനിന്നും കിട്ടുന്നതുകമാത്രമാണോ?

Mr. Tariatu Kunjitomman : സാക്ഷാൽ സ്ത്രീധനമെന്നു പറയുന്നതു പിതൃസ്വത്തിൽനിന്നും കിട്ടുന്നഅംശംതന്നെ. അതുകൊണ്ടു ചാർച്ചക്കാരാരെങ്കിലും കൊടുക്കുന്നസംഭാവന സ്ത്രീധനമായിട്ടു ഗണിക്കണമെന്നുപറഞ്ഞാൽ അതിന്റെ അർത്ഥം പിതൃസ്വത്തിൽനിന്നും അതുമാത്രം കുറയുമെന്നാണല്ലൊ.

Mr. Kayalam Paramesvaran Pillai: എന്നെവിടെ പറയുന്നു? ബന്ധുക്കൾആരെങ്കിലും കൊടുക്കുന്നതുകയൊ മറ്റു സംഭാവനകളൊ സ്ത്രീധനമായിട്ടു ഗണിക്കണമെന്നു പറയുന്നുണ്ടെന്നല്ലാതെ അതു പിതൃസ്വത്തിന്റെ അവകാശത്തെ ബാധിക്കുന്നതാണെന്നു ഒരിടത്തുംപറയുന്നില്ല.

Mr. Tariatu Kunjitomman: സ്ത്രീധനമായിഗണിക്കണമെന്നു പറഞ്ഞാൽ അതിന്റെ അർത്ഥം പിതൃസ്വത്തിൽനിന്നുപിന്നെ സ്ത്രീധനം കിട്ടുവാനില്ലെന്നായിരിക്കുമല്ലൊ.

Mr. Kayalam Paramesvaran Pillai: എന്നതിനർത്ഥമില്ല.

Mr Tariatu Kunjitomman: മറ്റുള്ള ചാർച്ചക്കാർ കൊടുക്കുന്നതു സ്ത്രീധനമായി ഗണിക്കാമെങ്കിൽപിന്നെ പിതൃസ്വത്തിന്മേൽ അവകാശമെങ്ങിനെ? ഒരു സ്ത്രീയോടു വാത്സല്യമുള്ള ബന്ധുക്കൾ എന്തെങ്കിലും കൊടുത്താൽ അതു സ്ത്രീധനമാണെന്നുവന്നാൽ പിന്നെപിതൃസ്വത്തിൽനിന്നു സാക്ഷാൽസ്ത്രീധനംവാങ്ങാനുള്ള അവകാശം അതു സ്ത്രീക്കുണ്ടായിരിക്കണമെങ്കിൽ പ്രത്യേകം പറയേണ്ടതാണല്ലൊ. സ്ത്രീധനത്തിനെ സ്ത്രീക്കവകാശമുള്ളുല്ലോ. രണ്ടു സ്ത്രീധനം ഒരു സ്ത്രീക്കുണ്ടെന്നു വരികയില്ലേ?

Mr. Kayalam Parmesvaran Pillai : ആ അർത്ഥമുണ്ടോ? കൊടുക്കുന്നതു സ്ത്രീധനമായിട്ടു ഗണിക്കണമെന്നു പറഞ്ഞാൽ അങ്ങനെ അർത്ഥമുണ്ടോ?

Mr. Tariatu Kunjitomman : ഉണ്ടെന്നാണു വിചാരിക്കേണ്ടതു്.

LIBRARY ARCHIVES Kerala Legislative Assembly

Mr. E. P. Varghese : പിതൃസ്വത്തിൽനിന്നും സ്ത്രീധനംകൊടുക്കട്ടെ.

Mr. Tariatu Kunjitomman: അതു വേറെ പായിൻറാണ്. വാത്സല്യമുള്ളഅമ്മകൻ എന്തെങ്കിലും കൊടുത്താൽ അതു സ്ത്രീധനമാകുമോ എന്നാണു ഇവിടെ ചിന്തിക്കുവാനുള്ളതു്.

Mr. K Madhavan Pillai : അമ്മ ഒരു താലിപണിയിച്ചു കൊടുത്താൽ അതു സ്ത്രീധനമാകുമോ?

Mr. Tariatu Kunjitomman : ബില്ലിൽ പറയുന്നപ്രകാരം അതും സ്ത്രീധനമാകണം. ഇതിനുംപുറമേ അതു പിതൃസ്വത്തിനെയും ബാധിക്കും. സ്ത്രീധനം പുരുഷന്റെസ്വത്തിൽ ചാർജ്ജായിരിക്കണമെന്നു പറയുന്നതു ശരിയല്ല. ഇതുനിമിത്തം പണമിടപാടുകാർക്കുവളരെ വിഷമമുണ്ടാകാനിടയുണ്ടു്. സ്ത്രീധനമായി കൊടുക്കുന്നതുകയുടെ പകുതിയോളം അവകാശികൾ അപൂർവം ചിലർമാത്രമെ സ്വത്തുക്കൾ നശിപ്പിക്കുന്നുള്ളു. ഈ നിയമം നടപ്പിൽവന്നാൽ ഒരാളിനു സ്ത്രീധനം എത്ര കിട്ടിയിട്ടുണ്ടെന്നു സൂക്ഷ്മമായി അറിഞ്ഞുകൊണ്ടുവേണം പണം കടംകൊടുക്കാൻ. ഇല്ലെങ്കിൽ സ്ത്രീധനം തിരിയെകിട്ടുവാൻ ഒരു വ്യവഹാരം ആ സ്ത്രീ കൊടുത്താൽ കടക്കാരൻ കുഴപ്പത്തിലാകും. അതുകൊണ്ടു പണമിടപാടിനു ഇതു വളരെ വിഷമം ഉണ്ടാക്കുന്നുണ്ടു്. തന്നിമിത്തം തൊഴിലിവുദ്ധിക്കും ബാധകമുണ്ടാകുന്നു.

Mr. Kayalam Paramesvaran Pillai: അതിനു അവന്റമ്മയുടെ സമ്മതംകൂടി വാങ്ങിച്ചാൽ മതിയല്ലോ.

Mr. Tariatu Kunjitomman : അതിനു പ്രത്യേക സമ്മതവും രേഖയുമൊക്കെ വേണ്ടേ? അതൊക്കെ വലിയ അസൌകര്യമാണ്.

Mr. Kayalam Paramesvaran Pillai : അതിനു വിഷമമെന്താണു്? രണ്ടുപേരും കൂടിചേർന്നു ഒപ്പിട്ടുകൊടുത്താൽ മതിയല്ലോ.

Mr. Tariatu Kunjitomman: എന്തിനാണ് ഈ വിഷമങ്ങളെല്ലാം ഉണ്ടാക്കുന്നതു്? വ്യക്തിപരമായി കുടുംബമാരെല്ലാം കൃസ്ത്യൻകുടുംബങ്ങളിൽ പുരുഷനിലാണിരിക്കുന്നതു്. അയാളുടെ സ്വാതന്ത്ര്യം കുടുംബത്തിനു ഗുണകരമായിട്ടാണിരിക്കുന്നതു്.

Mr. E P. Varghese: കൊച്ചിയിൽ ഇങ്ങനെ ഒരു നിയമമുണ്ടോ?

Mr. Tariatu Kunjitomman: കൊച്ചിയിലെനിയമം അങ്ങനെയല്ല. ഒരു പുരുഷന്റെമൂന്നിലൊന്നു സ്ത്രീക്കു പിതൃസ്വത്തിൽ അവ

LIBRARY ARCHIVES Kerala Legislative Assembly

കാശമുണ്ട്. അതിനു വിപരീതമായി പിതാവുബില്ലെഴുതി വച്ചിട്ടില്ലെങ്കിലെ പകുതികിട്ടു ബ്രിട്ടീഷിൽ ഇങ്ങനെയുള്ള സംഗതിയിൽ സ്ത്രീക്കും പുരുഷനും സമാവകാശമാണ്. അവിടെ ഇൻഡ്യൻക്രസ്ത്യൻ പിൻതുടച്ചാവകാശബില്ലാണ് ഇപ്പോഴും നിർബന്ധത്തിലിരിക്കുന്നതു്. പാലയൂർ, പാവർട്ടി, ഗുരുവായൂർ മുതലായ സ്ഥലങ്ങളിൽ താമസിക്കുന്നവരും കൊച്ചിയിലും തിരുവിതാംകൂറിലുമുള്ളവരും തമ്മിൽ വിവാഹം കഴിക്കാറുണ്ട്. അപ്പോൾ ഈ നിയമങ്ങളുടെ വ്യത്യാസം ഇരുകൂട്ടരെയും വിഷമിപ്പിക്കുന്നുമുണ്ട്. അവിടെ ഓരോ സ്ഥലത്തു നിലവിലിരിക്കുന്ന നിയമങ്ങൾകൊണ്ടു അൽപാൽപം ബുദ്ധിമുട്ടുണ്ടായി എന്നു വരാം. ഹിന്ദുക്കളായിൽതന്നെ മിതാക്ഷരമെന്നും തായിഭാഗം എന്നും രണ്ടു വലിയ പിരിവുകളുണ്ടല്ലോ. ബംഗാളിൽ തായിഭാഗവും മദ്രാസിലും മറ്റും മിതാക്ഷരവും നാം കാണുന്നു. ഈ നിയമത്തെ എല്ലാസ്ഥലത്തും ഒരേരീതിയിലാക്കത്തക്കവണ്ണമുള്ള ശ്രമങ്ങൾ ഒന്നും ഹിന്ദുക്കൾ ചെയ്യുകണ്ടിന്നില്ല. ഇവിടെ അവകാശക്രമം സംബന്ധിച്ചു പല വ്യത്യാസങ്ങളോടുകൂടിയ ജനങ്ങൾ ഈ രാജ്യത്തു സ്ഥിതിചെയ്യുന്നു. ഇവരെയെല്ലാം ഒരേനിയമത്തിൽ ഘടിപ്പിച്ചു് ഒരു ഐകരൂപ്യം വരുത്തുക സാധ്യമല്ല.

Mr K. George: തിരുവിതാംകൂറിലും കൊച്ചിയിലും ഉള്ള ക്രസ്ത്യാനികൾക്കു ആചാരങ്ങളിൽ വ്യത്യാസമില്ലേ?

Mr. Tariatu Kunjitomman: കുറച്ചെല്ലാം ഉണ്ട്.

Mr. E. P. Varghese : അവർ തമ്മിൽ കല്യാണം നടത്തുന്നില്ലേ?

Mr. Tariatu Kunjitomman: ഉണ്ട്. തിരുവിതാംകൂറിലും കൊച്ചിയിലും ബ്രി. മലബാറിലും ഉള്ള ക്രസ്ത്യാനികളുടെസ്ഥിതിയുംഇൻഡ്യയുടെ മറ്റു ഭാഗത്തുള്ളതിൽനിന്നു പലകാര്യങ്ങളിലും വ്യത്യാസമുണ്ട്.

Mr. E. P. Varghese: മെമ്പർ വിവാഹം കഴിച്ചിരിക്കുന്നതു കൊച്ചിയിൽനിന്നല്ലേ?

Mr. Tariatu Kunjitomman : അതേ.

Mr. J. John Kattakayam: കൊച്ചിയിലെ നിയമം ഇവിടെ പകർത്തുന്നതു നമുക്കു അഭിമാനകരമാണോ?

Mr. Tariatu Kunjitomman: ഒരു നിയമം സ്വീകരിക്കുന്നതുനല്ലതാണെങ്കിൽ അതു സ്വീകരിക്കുന്നതിൽ അഭിമാനക്ഷയമൊന്നുമില്ല. ആവശ്യവും സമുദായത്തിന്റെ പൊതുസമ്മതവും പ്രധാനമായി നോക്കണം.

LIBRARY ARCHIVES Kerala Legislative Assembly

Mr. J. John Kattakayam : നാലിരൊന്നു സ്ത്രീധനമെന്നു മുള്ള ഏർപ്പാടു മുന്നിലൊന്നെന്നു വ്യവസ്ഥ ചെയ്യുന്നതിനു മെമ്പർക്കു സമ്മതമാണോ?

Mr. Tarjatu Kunjitomman: അതേപ്പറ്റി പറയാം. ഓരോ രാജ്യത്തേയും പരിതസ്ഥിതിയേയും അവിടത്തെ ജനങ്ങളുടെ പൊതുസമ്മതത്തേയും അനുസരിച്ചായിരിക്കും അതാതു രാജ്യത്തു നിയമം സൃഷ്ടിക്കുന്നതു്. അങ്ങനെ നോക്കുമ്പോൾ കൊച്ചിയിലേയും ഇവിടത്തെയും നിയമങ്ങൾ ഒന്നുപോലെ ഇരിക്കണമെന്നില്ല. ഇവിടത്തെ പരിതസ്ഥിതികൾക്കനുസരണമായി ഇവിടത്തെ ജനഹിതപ്രകാരം ഒരു നിയമം ഇവിടെ ഉണ്ടാക്കി നടപ്പിൽ വരുത്തിയിരിക്കുകയാണു്. ഇവിടത്തെ സാഹചര്യങ്ങൾക്കു ഈ നിയമം ഇണങ്ങിയിരിക്കുന്നതുകൊണ്ടു് അതു ഭേദപ്പെടുത്തേണ്ട ആവശ്യം സമുദായത്തിനിതേവരെ നേരിട്ടിട്ടില്ല. അല്ലാതെ അവിടെ അങ്ങനെ ഒരു നിയമമുണ്ടു്, ഇവിടെ ഇങ്ങനെ ഒരു നിയമമുണ്ടു്, അതുകൊണ്ടു് അങ്ങനെയും ഇങ്ങനെയും നമുക്കും വേണമെന്നുപറയുന്നതു ശരിയല്ല.

ഇത്തരം ഒരു ഭേദഗതിബില്ലിന്റെ ആവശ്യമുണ്ടോ എന്നു നോക്കുന്നതിനു മറ്റൊരു കാര്യംകൂടി നോക്കണം. സാധാരണ പിതാക്കന്മാർ തങ്ങളുടെ പെൺമക്കൾക്കു എന്തു സ്ത്രീധനം കൊടുക്കുവാൻ ബില്ലിൻ പ്രകാരം നിശ്ചയിക്കുന്നു, അല്ലെങ്കിൽ എന്തുസംഖ്യകൊടുത്തുവരുന്നു, ആ തോതിനെ അടിസ്ഥാനപ്പെടുത്തിയായിരിക്കണം. സഹോദരന്മാർ സഹോദരികൾക്കു സ്ത്രീധനം നൽകുന്നതിനും നിയമമുണ്ടാക്കേണ്ടതു്. നടപ്പനുസരിച്ചല്ലാതെ ഒരു തോതു് നിയമത്തിൽ വയ്ക്കുന്നതു സമുദായത്തിന്റെ സാമ്പത്തികാവകാശക്രമമാറ്റത്തിലെ ഒരു വൻകഴിയായിരിക്കും. അതിനാൽ ഇങ്ങനെ ഒരു ബിൽ ഇവിടെ അവതരിപ്പിക്കുന്നതിനുമുൻപു് പിതാക്കന്മാരെല്ലാം പുത്രന്മാർക്കു കൊടുക്കുന്നതിന്റെ മൂന്നിലൊന്നുസ്വത്തു പുത്രികൾക്കും കൊടുക്കുന്ന ഒരു രീതി സമുദായമദ്ധ്യത്തിൽ വേണ്ട പ്രചരണവേല ചെയ്തുണ്ടാക്കേണ്ടതാണു്, അതിനുശേഷം നമുക്കു അങ്ങനെ വ്യവസ്ഥ ബില്ലെഴുതാതെ പിതാവുമരിച്ച പുത്രികളെ സംബന്ധിച്ചു ഉണ്ടാക്കാം. ഒന്നാമതു, പിതാക്കന്മാർ തന്നെയാണു് മൂന്നിലൊന്നോ, സമമോ, പുത്രിമാർക്കു കൊടുത്തുതുടങ്ങേണ്ടതു്. അല്ലാതെ ഒരു പ്രത്യേക വ്യവസ്ഥ ഏർപ്പെടുത്തി പിതാക്കന്മാർ മരിച്ച പുത്രികൾക്കു പിതാക്കന്മാരുടെ മരണം അനായകരമെന്നു നിയമത്താൽ വരുത്തിവയ്ക്കയല്ലാ വേണ്ടതു്.

LIBRARY ARCHIVES Kerala Legislative Assembly

Mr. Kayalam Paramesvaran Pillai: കല്യാണസമയത്തുതന്നെ മൂന്നിലൊന്നു സ്ത്രീധനം കൊടുത്താൽ പിന്നെ ഈ വിഷമം ഉണ്ടാകയില്ലല്ലോ.

Mr. Tariatu Kunjitomman: അങ്ങനെയുള്ള ഒരു തോത് സ്വീകരിക്കാത്തതുകൊണ്ടാണല്ലോ സാധാരണ പിതാക്കന്മാർതന്നെ അതുമുഴുവൻ സ്ത്രീധനം കൊടുക്കാതിരിക്കുന്നത്.

Mr. Kayalam Paramesvaran Pillai: എന്റെ ചോദ്യമതല്ല. തക്കതായ സ്ത്രീധനം കൊടുത്തുകഴിഞ്ഞാൽ ഈ വഴക്കിനിടവരുകയില്ലല്ലോ.

Mr. Tariatu Kunjitomman: സംഖ്യയുടെതോതാണു തർക്കത്തിനിടവരുത്തുന്നതു. പിതാക്കന്മാർ ജീവിച്ചിരുന്നാൽ കിട്ടുമായിരുന്നതിൽ വളരെ കുറഞ്ഞതായ ഒരു സംഖ്യ കൊടുക്കാനോ വാങ്ങാനോ ഇടവരുന്ന ഒരു നിയമം ഉണ്ടാകുന്നതു നടപ്പിനു യോജിച്ചതല്ല. പിതാക്കന്മാർ സാധാരണ ചെയ്തുവരുന്ന നടപ്പിനെ അടിസ്ഥാനപ്പെടുത്തിയാണു ഇപ്പോൾ നിയമം ഉണ്ടാക്കിയിരിക്കുന്നത്. സാധാരണനടപ്പിനനുസരണമായിട്ടുവേണം സാമുദായിക നിയമങ്ങൾ ഉണ്ടാക്കുവാൻ.

Mr. M. N. Paramesvaran Pillai: പിതാക്കന്മാർക്കു ആൺമക്കളോടും പെൺമക്കളോടും ഒരുപോലെയല്ലയോ സ്നേഹം?

Mr. Tariatu Kunjitomman: ഓരോരുത്തക്കും ഓരോവിധത്തിലായിരിക്കാം സാധാരണ എല്ലാമക്കളോടും ഒരുപോലെയാണ് സ്നേഹം പക്ഷെ അതുകൊണ്ടല്ല സ്വത്തു സമമായി കൊടുക്കാത്തതു. പെൺമക്കൾ മറുകുടുംബത്തിൽ പോകുന്നവരാണ്. അവിടെ ഭർത്താവിന്റെ സ്വത്തുംഉണ്ട്. രണ്ടുംകൂടി ചേരുമ്പോൾ പുത്രന്മാരുടെസ്വത്തിനു ഏകദേശം സമമാകും. സ്ഥാവരസ്വത്തുവീതിക്കുന്നതുകൊണ്ടു വലിയ ദുഷ്യം വന്നുകൂടുന്നു. ഭൂസ്വത്താണു സാധാരണയായി വിഭജിക്കേണ്ടിയിരിക്കുന്നത്. അതു സഹോദരന്മാർതമ്മിൽ വിഭജിച്ചാൽ അവർ ഒരു സ്ഥലത്തു താമസിക്കുന്നവരാണ്, അതുകൊണ്ട് ആ സ്വത്തു വിലയുണ്ട്, എന്നാൽ നൂറോ നൂറമ്പതോ നാഴികദൂരെയുള്ള, അന്യായമായ കൊച്ചിയിലൊ ബ്രിട്ടീഷ്മലബാറിലോ ഇരിക്കുന്ന ഒരു പുരുഷനു കോട്ടയത്തോ ചങ്ങനാശേരിയിലോ ഇരിക്കുന്ന ഒരു സ്ത്രീയേ കല്യാണം കഴിച്ചുകൊടുത്താൽ ഭാഗ്യക്കു കിട്ടുന്ന സ്വത്തിൽനിന്നും അയാൾക്കു ഭാഗമായിട്ടെടുക്കാൻ വിഷമമുണ്ടാകും. അതുകൊണ്ടു ആ സ്വത്തുതന്നെ കിട്ടുന്നവിലക്കു വിൽക്കേണ്ടിവരും. അതിനാലാണ് സ്ത്രീധനത്തിന്റെ തുക പ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitomman.]

ണമായി ക്ലിപ്തപ്പെടുത്തുന്ന നിയമം വച്ചിരിക്കുന്നതു. ഭൂമിയുംകൊണ്ട് അന്യസ്ഥലത്തു പോകാനൊക്കുകയില്ലല്ലൊ. പിടിയാവിലക്കു പലപ്പോഴും വില്ലേണ്ടിവരും.

Mr. E. P. Varghese: മെമ്പർ തന്നെയെങ്കിലും ബ്രട്ടീഷ് മലബാറിൽ വിവാഹംചെയ്തു കൊടുത്തിട്ടുണ്ടോ?

Mr. Tariatu Kunjitomman: ഇല്ല.

Mr. E. P. Varghese: മെമ്പറിന്റെ മകൻ ബ്രിട്ടീഷ് മലബാറിൽനിന്നല്ലേ വിവാഹം ചെയ്തിരിക്കുന്നതു?

Mr. Tariatu Kunjitomman : അതേ.

Mr. E P. Varghese: അവിടെ സ്വത്തു വിൽജിച്ചുതരികയാണോ ചെയ്തിരിക്കുന്നതു്?

Mr. Tariatu Kunjitomman: അല്ല, ശ്രീപയാണ് കൊടുത്തതു്. അതാണല്ലോ കൂടുതൽ സൗകര്യം.

Mr. Komilezhathu Sankaran: നായർവീടുകളിൽ മകനും മകൾക്കും തുല്യാവകാശം കൊടുക്കുന്നതുകൊണ്ട് വളരെ വിഷമം അനുഭവിക്കുന്നതായി അറിയാമോ?

Mr. Tariatu Kunjitomman: ഉണ്ടായിരിക്കാം; ഏതായാലും സ്ഥാവരസ്വത്തുവീതിക്കുന്നതുകൊണ്ടു വലിയ പ്രയോജനമൊന്നുമില്ല. അമ്മൽക്കാർക്കു, പുതിയാപ്പിളക്കു കിട്ടിയ നിലവും പുരയിടവും മുതലായ വിലക്കു വാങ്ങിക്കുവാനുള്ള തുകമാത്രമായിട്ടുവരും അതു്. അതുകൊണ്ട് ഇവിടത്തെ പരിതസ്ഥിതി അനുസരിച്ചാണു ശ്രീപാ കൊടുത്താൽ മതി എന്നു വ്യവസ്ഥ ചെയ്തിരിക്കുന്നതു്. ഇപ്പോൾ പുത്രികൾക്കു കൊടുക്കുന്ന അവകാശം പുത്രന്മാർക്കു കൊടുക്കുന്ന നിരക്കിൽനിന്നും വളരെ കുറഞ്ഞുപോയിട്ടുണ്ടെങ്കിൽ നാം ആകാര്യത്തിൽ പ്രത്യേകം ശ്രദ്ധിച്ച് സമുദായത്തെ തന്നെ ഉൽബോധിപ്പിക്കണം. അതിനു വേണ്ട പ്രചരണവേല നടത്തി പുത്രികൾക്കും തുല്യമായ അവകാശം കൊടുക്കുന്ന ഒരു രീതി സമ്മതിപ്പിക്കണം. എന്നിട്ട് ആ നടപ്പിനു അനുരൂപമായി ബില്ലു കൊണ്ടുവരാം. അല്ലാതെ നിയമം നടപ്പിനു വളരെ വിരുദ്ധമായിവന്നാൽ വിൽ എഴുതിവയ്ക്കാതെ പിതാക്കന്മാർ മരിച്ചു പെൺകുട്ടികൾക്കു ഗുണവും അവരുടെ സഹോദരന്മാർക്കു ദോഷവും ആയിരിക്കും ഫലം. ഇക്കാരണങ്ങളാൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ബില്ലുകളെ രണ്ടിനേയും ഞാൻ ശക്തിയായി എതിർക്കുന്നു.

Mr. G. Narayana Aiyar: സ്വത്തിനനുരൂപമില്ലാത്ത വിധത്തിൽ സ്ത്രീധനം ആവശ്യപ്പെട്ടുവരാറുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

Mr. Tariatu Kunjitomman : ചിലർ ആവശ്യപ്പെട്ടേയ്ക്കും. അങ്ങിനെയുള്ളവർക്ക് പെൺകുട്ടികളെ വിവാഹംചെയ്തുകൊടുക്കാതെ ന്യായമായ സംഖ്യക്ക് സമ്മതിക്കുന്നവർക്ക് വിവാഹംചെയ്തു കൊടുക്കാമല്ലോ.

Mr. M. Govindan : സ്ത്രീധനം കൊടുക്കുന്നതു സാധാരണ പണമായിട്ടോ, സ്ഥാവരസ്വത്തായിട്ടോ?

Mr. Tariatu Kunjitomman : സാധാരണ പണമായിട്ടാണ് കൊടുക്കുന്നത്. വളരെ അപൂർവ്വമായിട്ടുമാത്രമേ സ്ഥാവരസ്വത്തായിട്ടു കൊടുക്കാറുള്ളൂ.

Mr. E. P. Varghese : സ്ഥാവരവസ്തു പണയംവച്ചല്ലയോ സാധാരണ പണം കൊടുക്കുന്നത്?

Mr. Tariatu Kunjitomman : അങ്ങനെയും ചിലപ്പോൾ ചെയ്യും. സ്വത്തുതന്നെ വേണമെന്നു ശഠിച്ചാൽ കൊടുക്കാതിരിക്കുന്നതിനാണ് അയ്യായിരം രൂപവരെ സ്ത്രീധനം കൊടുക്കാമെന്ന നിയമം ഉണ്ടാക്കിയിരിക്കുന്നത്.

Mr. C. M. Joseph: ഈ ബില്ലിനെപ്പറ്റിയുള്ള വാദപ്രതിവാദത്തിനായി ഈ കൌൺസിലിന്റെ ഒട്ടധികം സമയം വ്യയം ചെയ്തുകഴിഞ്ഞിരിക്കുന്നു. ഇങ്ങിനെ ഒരു ബില്ലിന്റെ ആവശ്യമുണ്ടെന്ന് സമുദായം ഇതുവരെ ആവശ്യപ്പെട്ടിട്ടില്ല. ഇന്നത്തെ നിയമം അനുസരിച്ചു നടക്കുന്നതു നിമിത്തം സമുദായത്തിന് ഉപദ്രവകരമോ സങ്കടകരമോ ആണെന്നും ഇതുവരെ പ്രത്യക്ഷപ്പെട്ടിട്ടില്ല. എന്റെ സ്നേഹിതൻ മിസ്റ്റർ കുട്ടക്കയം പറയുന്നതു ഈ ബിൽ പെൺകുട്ടികളുടെ രക്ഷക്കാണെന്നാണ്. എന്നാൽ പെൺകുട്ടികൾക്ക് ഈ ബിൽ വളരെ ദോഷകരമെന്നാണ് എന്റെ അഭിപ്രായം. സ്ത്രീധനം കൊടുക്കാമെന്ന് വാഗ്ദാനം ചെയ്താൽ അതനുസരിച്ചു കൊടുക്കുന്നതിന് മാതാപിതാക്കന്മാർക്കു ചുമതലയുണ്ട്. പെൺകുട്ടികളോടുള്ള വാത്സല്യം കൊണ്ടോ സന്തോഷംകൊണ്ടോ ബന്ധുക്കൾ ആരെങ്കിലും വല്ല സംഭാവനയും ചെയ്യുന്നതിനെ സ്ത്രീധനത്തിൽ ഉൾപ്പെടുത്തിയാൽ വാസ്തവത്തിൽ കൊടുക്കുന്ന സ്ത്രീധനത്തിന്റെ തുക കുറഞ്ഞു പോകുന്നതാണ്. അങ്ങിനെ വരുന്നതായാൽ അതു പെൺകുട്ടികൾക്കുദോഷമാണ്.

Mr. J. John Kattakayam: ദോഷം ഉണ്ടാകുന്നതു എങ്ങിനെയാണ്?

Mr. C. M Joseph: സംഭാവന കൊടുക്കുന്ന തുക സ്ത്രീധനം കിട്ടുന്നതിൽ കുറഞ്ഞു പോകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

Mr. J. John Kattakayam: സംഭാവനകൊടുക്കാൻ പാടില്ലെന്ന് എവിടെ എങ്കിലും പറഞ്ഞിട്ടുണ്ടോ?

Mr. C. M. Joseph: സംഭാവന കൊടുക്കുന്ന തുക സ്ത്രീധനത്തിൽ വകവച്ചു കൊടുക്കണം.

Mr. J John Kattakayam: അങ്ങിനെ മനസ്സിലാക്കിയതിന് ഞാൻ ഉത്തരവാദി അല്ലല്ലൊ!

Mr. C. M. Joseph: അങ്ങിനെയാണ് എനിക്ക് തോന്നുന്നത്. മിസ്റ്റർ വർഗ്ഗീസിന്റെ ഭേദഗതിബില്ലും ഇന്നത്തെ സമുദായത്തിന് അത്യാവശ്യമാണോ എന്ന് സംശയമുണ്ട്. മരണശാസനമെഴുതിവയ്ക്കാത്ത മാതാപിതാക്കന്മാരുടെ സംഭാവനയെക്കുറിച്ചാണ് ഇവിടെ പറയുന്നത്. ഭാഗം ചെയ്യാതെ മരിച്ചു പോകുന്ന മാതാപിതാക്കന്മാരുടെ സന്താനങ്ങളിൽ അതായത് പെൺകുട്ടികളിൽ ഒരു സഹോദരന്റെ മുമതലയിൽ ഉൾപ്പെട്ടുപോയാൽ ആ പെൺകുട്ടികളുടെ ക്ഷേമത്തെ ഉദ്ദേശിച്ച് പുരുഷ കിട്ടുന്നതിൽ കൂടുതൽ സംഖ്യയാണ് പുരുഷ കൊടുത്തു വരുന്നത്. അതിനു വിപരീതമായി എന്തെങ്കിലും നിശ്ചയം ചെയ്യാൻ സഹോദരന് സഹോദരിയുടെ പേരിലുള്ള വാത്സല്യം ഇല്ലാതെ പോകുന്നതാണ്. താൻ ഏതു വിധത്തിലുള്ള കഷ്ടപ്പാടും അനുഭവിച്ചാലും തന്റെ സഹോദരിയെ ഉയർന്ന ഒരു നിലയിൽ തന്നെ എത്തിക്കണമെന്നാണ് നല്ല കുടുംബങ്ങളിലുള്ള പുരുഷന്മാർ വിചാരിക്കുന്നത്.

Mr. E. P. Varghese: അങ്ങിനെ ആണെങ്കിൽ ഇപ്പോഴത്തെ നാലിലൊരു ഭാഗം അവകാശം സ്ത്രീക്ക കൊടുക്കണമെന്നുള്ള നിശ്ചയം ആവശ്യമുണ്ടോ?

Mr. C. M. Joseph: ആവശ്യമുണ്ട്.

Mr. J. John Kattakayam: വസ്തുക്കൾക്കുവേണ്ടി സ്വന്തം സഹോദരികളെ ചതിക്കുന്ന ആളുകളില്ലെ?

Mr. C. M. Joseph മീനച്ചൽ, തൊടുപുഴ, മുതലായ സ്ഥലങ്ങളിൽ അങ്ങിനെ കാണുമായിരിക്കും. ഇവിടെ അങ്ങിനെ ഇല്ല.

Mr. J. John Kattakayam: അങ്ങിനെയുള്ള സംഭവങ്ങൾ ഇവിടെ ഉണ്ടായിട്ടില്ലെന്ന് പറയാൻ ധൈര്യമുണ്ടോ? ഈ നാലിലൊന്നു പോലും കൊടുക്കുന്നത് അക്രമമാണെന്ന് പറയുന്നില്ലെ?

Mr. C. M. Joseph: സ്ത്രീധനം എന്നൊന്ന് വച്ചിരിക്കുന്നത് തന്നെ അവർക്ക് വളരെ ദോഷകരമാണ്. ഈ സ്ത്രീധനം ഏർപ്പാടുവേണ്ടെന്ന് സ്ത്രീകൾ നിലവിളിക്കുന്നുണ്ട്. അവരുടെ അഭിപ്രായം വല്ല സ്ഥലത്തും പറയാൻ സാധിക്കുന്നു എങ്കിൽ ആ സംഗതി അവർ ഉറപ്പു

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നതാണ്. ഈ സ്ത്രീധനം ഇല്ലെങ്കിൽ യോഗ്യതയുള്ള ആളുകളുമായി വിവാഹബന്ധത്തിൽ ഏർപ്പെടാമായിരുന്നു എന്നു അവർ കരുതുന്നു. ഇപ്പോൾ നല്ല കുടുംബങ്ങളുമായി ബാന്ധവം വേണമെങ്കിൽ വലിയ തുകകൾ സ്ത്രീധനമായി കൊടുക്കണം. അങ്ങിനെയുള്ള തുകകൾ കൊടുക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ട് ബാന്ധവം തന്നെ നടക്കാതിരിക്കുന്നു.

Mr. E. P. Varghese: അതുകൊണ്ട് സ്ത്രീധനം നിർത്തുന്നതു നല്ലതല്ലെ?

Mr. C. M. Joseph: പെൺകുട്ടികളുടെ താല്പര്യത്തെ രക്ഷിക്കണം.

Mr. Kayalam Parameswaran Pillai: മിസ്റ്റർ വർഗ്ഗീസിന്റെ ബില്ലിനെ അനുകൂലിക്കുകയാണൊ ചെയ്യുന്നതു്?

Mr. C. M. Joseph: അല്ല.

ഇങ്ങിനെ ഒരു നിയമ ക്ലിപ്തമില്ലാതിരിക്കുന്നതായാൽ പെൺകുട്ടികൾക്കു രക്ഷ കിട്ടുന്നതാണ്.

Mr. M. Govindan: ഇതാണ് മിസ്റ്റർ വർഗ്ഗീസിന്റെ ബില്ലിലെ തത്വമെന്നു് അറിയാമൊ?

Mr. C. M. Joseph: മനസ്സിലായില്ല.

Mr. M. Govindan: സ്ത്രീധനം കൊടുക്കണമെന്ന നിർബന്ധമില്ലെന്നാണ് മിസ്റ്റർ വർഗ്ഗീസിന്റെ ബില്ലിൽ പറയുന്നതു്.

Mr. C. M. Joseph: അതിൽ സ്വത്തുക്കളുടെ വീതം ക്ലിപ്തപ്പെടുത്തിയിരിക്കുന്നു.

Mr. J. John Kattakayam: ഓഹരി എന്ന പേരിനു പകരം എന്തു പേർ പറയാം. അവകാശമെന്നു പറയാമൊ?

Mr. C. M Joseph: അത് പാടില്ല. ഓഹരിയായുള്ള അവകാശം സ്ത്രീധനമെന്നു പറയാതിരുന്നാൽ അതുനിമിത്തം സ്ത്രീകൾക്കു വളരെ രക്ഷയുണ്ടാകുന്നതാണ്. പിതാവിന്റെ മരണംകഴിഞ്ഞു ഭാഗംനടക്കുന്നതായാൽ അതിനു മുമ്പു യോജിപ്പോടും സൗഹാർദ്ദത്തോടും കഴിഞ്ഞുവന്ന സഹോദരീ സഹോദരന്മാർ തമ്മിൽ വഴക്കും ശണ്ഠയും മത്സരവും ഉണ്ടാകുന്നതാണു്. തൻനിമിത്തം അനേകം കുടുംബങ്ങൾ നശിക്കാൻ ഇടയാകുന്നതാണ്. ഇപ്പോഴിരിക്കുന്നനിയമമുണ്ടാക്കി ഒരു കൊല്ലം കഴിഞ്ഞിട്ടും വക്കീലന്മാർക്കു അതുകൊണ്ടു വലിയ പ്രയോജനമൊന്നും ഉണ്ടായിട്ടില്ല. പെൺകുട്ടികളുടെ വസ്തു അവകാശത്തെ പറ്റിയും സ്ത്രീധനത്തെപ്പറ്റിയുമുള്ള വ്യവഹാരങ്ങൾ ഇപ്പൂവരെ വളരെ കുറവാണെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. M. Joseph.]

ന്നാണ് എന്റെ അഭിപ്രായം. മിസ്റ്റർ വർഗ്ഗീസ് കൊണ്ടുവന്നിരിക്കുന്ന ബിൽ നിയമമാക്കുകയാണെങ്കിൽ വക്കീലന്മാരുടെ ഇന്നത്തെ തൊഴിലില്ലായ്മ തീരുമെന്നാണ് എനിക്കു തോന്നുന്നത്. അപ്പോൾ അംഗങ്ങളുടെ അവകാശത്തിനു തീർക്കുന്നതിനുവേണ്ടി കോടതി കയറാതെസാധിക്കുകയില്ലെന്നു വരുന്നതാണ്. ഇപ്പോൾ അതില്ല. അതുകൊണ്ടു ഈ ബിൽകൗൺസിലിൽആലോചനയ്ക്കാട്ടുക്കാതെ അതിനെപിൻവലിക്കണമെന്നാണ് എന്റെ അഭിപ്രായം. ഈ ബില്ലിനെസംബന്ധിച്ചു സമുദായത്തിലുള്ള പൊതുജനാഭിപ്രായം എങ്ങിനെ എന്നു അറിഞ്ഞതിനു ശേഷം ആവശ്യമെന്ന് തോന്നുന്ന എങ്കിൽ അപ്പോൾ ഒരു ബില്ല് അവതരിപ്പിക്കാവുന്നതാണ്.

Mr. E. P. Varghese : പൊതുജനാഭിപ്രായം അറിയുന്നതിനുള്ള മാർഗ്ഗമെന്താണ്?

Mr. C. M. Joseph : ഇങ്ങിനെയുള്ള ഒരു ബിൽ അവതരിപ്പിക്കേണ്ട ആവശ്യമുണ്ടെന്ന് പൊതുജനങ്ങൾ പറയണം. ഇങ്ങിനെ ഒരു ബിൽ ഇവിടെ അവതരിപ്പിച്ചതുകൊണ്ടു പൊതുജനങ്ങൾ ഇതിനെപ്പറ്റി ആലോചിക്കുന്നതാണ്. ഇങ്ങിനെ ഒരു ബിൽ ആവശ്യമുണ്ടോ എന്നു അവർ അന്വേഷിക്കാതിരിക്കുകയില്ല. അങ്ങിനെ വരുമ്പോൾ പൊതു ജനങ്ങളുടെ അഭിപ്രായമെന്താണെന്ന് പല സ്ഥലങ്ങളിലും രേഖപ്പെടുത്തുന്നതാണ്. ഒരു സമുദായത്തെ മുഴുവനും ബാധിക്കുന്ന ഒരു നിയമത്തിന്റെ ആവശ്യമില്ലാതെ അതിനെപ്പറ്റിചർച്ച ചെയ്കയൊ പാസ്സാക്കുകയൊ ചെയ്യുന്നതായാൽ അതു് ഈ കൗൺസിൽ ക്രൈസ്തവ സമുദായത്തോടു ചെയ്യുന്ന ഒരു വലിയ അപരാധമായിരിക്കുന്നതാണ്.

Mr. J. John Kattakayam : ഒരു സമുദായത്തിനാവശ്യമുള്ള സംഗതികൾ ഈകൗൺസിലിൽ വച്ചു നടത്തുന്നതു് ശരിയല്ലെന്നാണൊ അഭിപ്രായം?

Mr. C. M. Joseph : സമുദായം ആവശ്യപ്പെടാതെ, സമുദായത്തിനു ഇങ്ങിനെ ഒരു ബില്ലിന്റെ ആവശ്യമുണ്ടെന്നു വെളിവാക്കാതെ ഇരിക്കുന്ന ഈ സന്ദർഭത്തിൽ ഇങ്ങിനെ ചെയ്യേണ്ട ആവശ്യമില്ലെന്നാണ് ഞാൻപറഞ്ഞതു്. പത്തുപതിനഞ്ചു കൊല്ലങ്ങൾക്കു മുമ്പു ഒരു ബില്ലു് വേണമെന്നുനിശ്ചയിച്ചു് സമുദായം പലതരത്തിലുള്ള പ്രക്ഷോഭണങ്ങൾ നടത്തിയതിന്റെ ഫലമായി ഒരു കമ്മറ്റി ഏർപ്പെടുത്തുകയും കമ്മറ്റിക്കാർനാട്ടിന്റെ നാനാഭാഗങ്ങളിലും സഞ്ചരിച്ചു് അതിനെപ്പറ്റിയുള്ള പൊതു ജനാഭിപ്രായം എന്താണെന്നു ശരിയായ വിധത്തിൽ അറിയുകയും ചെയ്തശേഷമാണു് ഇന്നത്തെ നിയമംപാസ്സാക്കിയിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

Mr. J. John Kattakayam : അന്ധ് വല്ല വ്യത്യസ്ഥാഭി പ്രായങ്ങളും പുറപ്പെടുവിച്ചിട്ടുള്ളതായി അറിയാമൊ?

Mr. C. M. Joseph : സമുദായം ആവശ്യമെന്ന് വെളിപ്പെടുത്തിയിട്ടുള്ള സംഗതികളിൽ ഭേദഗതി ഉണ്ടാക്കിയിട്ടുണ്ട്.

കൗൺസിലിൽ ഇങ്ങിനെ ഒരു ബിൽ അവതരിപ്പിക്കുന്നതിന് മുമ്പു ഇതിന്റെ ആവശ്യമുണ്ടെന്ന് ആരും വെളിവാക്കിയിട്ടില്ല. എന്നാൽ അതിനു ഒരവസരം ഇപ്പോൾ നൽകിയതിലേക്കു ഞാൻ കൃതജ്ഞത പ്രദർശിപ്പിച്ചു കൊള്ളുന്നു. 40 കൊല്ലങ്ങളായി നടപ്പിലിരിക്കുന്ന നിയമത്തെ ഭേദപ്പെടുത്തുന്നതു് സമുദായനന്മയ്ക്ക് പര്യാപ്തമായിരിക്കുമൊ എന്ന സംഗതിഎല്ലാവരെയും ആകർഷിക്കുന്നതാണ്. അങ്ങിനെ സമുദായത്തിലുള്ള എല്ലാ വിഭാഗക്കാരും ഇതിനെപ്പറ്റി ചിന്തിച്ച് ആവശ്യമാണെന്ന് കണ്ടതിനുശേഷം ഇങ്ങിനെ ഒരു നിയമം പാസ്സാക്കുന്നതാണ് ഉത്തമമായിട്ടുള്ളതു്.

Mr. K. George: Sir, I regret that I have also to oppose both the Bills for the same reasons as were urged by my friends, Messrs. Kunjitomman and C. M. Joseph. I do not propose to go in detail into the provisions of the two Bills or to discuss at length the principles which underly them. My objection to the passing of these Bills at present is the same as stated by Mr. Kunjitomman a short while ago, namely, that there has been no indication of any kind that a measure of this kind is desired by the community at present.

As Mr. Kunjitomman described so graphically, the present Christian Succession Regulation was brought on the Statute Book after a very elaborate and careful investigation by a committee consisting of very able and responsible members of the Christian community. That investigation extended throughout the length and breadth of Travancore, and the evidence of various people was taken.

It was after a long and elaborate discussion by the public and the Legislature that the Christian Succession Bill which was introduced into the Legislative Council was passed into law. Several years have gone by since that Regulation was placed on the Statute Book, Although I am not quite familiar with what goes on in society to any great extent, of this thing I feel sure, namely, that there has been no sort of agitation or demand on the part of the Christian public to amend the existing law.

Mr. M. N. Paramesvaran Pillai: May I know, does not natural justice demand that something should be done on the lines now proposed by the two members?

LIBRARY ARCHIVES Kerala Legislative Assembly

Mr. K. George: Sir, we should remember that this is a social legislation and in matters like this, the accepted principle is that we should not run diametrically counter to the will or wish of the people to whom the law is intended to apply. No doubt, it is true that we should aim at progressive legislation. But Sir, the Christian community contains a very large number of people who are progressive in their views. They have their organisations, their leaders, their newspapers ; they have also their heads of Churches and therefore it is very easy for them to ascertain what the opinion of the community is on this point. Now, so far as I see, as a matter of fact, this change has not come as of very great crucial importance to the community. There are "progressives" who would like to see some of the defects of the existing law changed. Personally, for instance, I may consider that the fixation of maximum amount for the share of a girl is a serious blemish in the existing law. An amending legislation on that point will be necessary in course of time. It may be, that, after a time the community may consider the desirability of making the amendments now proposed or something more progressive than what Mr. Varghese or Mr. John Kattakayam has brought. So that then, my point is this. All social legislations must have some sanction behind them. Neither the Bill of Mr. Varghese nor that of Mr. Kattakayam has got that necessary sanction, namely, the sanction of public opinion. Without that, I think the House would not be justified in interfering with the laws of succession of the Christian community.

Mr. M. N. Paramesvaran Pillai: Has the member any objection to the proposal regarding the Stridhanam being made the property of the husband?

Mr. K. George: Personally I have no objection to that and perhaps to certain other amendments as well. I will say that this is a matter which requires investigation. So long as the community has not demanded any amendment to the existing laws, neither in their public organs nor in public meetings, I consider that it is not necessary at this juncture to enact a law on the succession of Christians in Travancore.

Mr. N. Ramakrishna Pillai: The fact that there was no protest in the community till now, is it not a tacit admission that there is no objection to the introduction of this measure?

Mr. K. George: I cannot say that there is a tacit admission like that. On the contrary, very few people might have come across these Bills. True they might have been published. But I do not think the Christian community has realised what these two Bills which are at present under the consideration of the House aim at. If it had realised, I believe, there would have been an expression of

LIBRARY ARCHIVES Kerala Legislative Assembly

opinion one way or the other. The very fact that none of the leading newspapers of the country have considered the aspects of the two Bills shows to my mind that the community has not realised that the two Bills have either been introduced or proposed to be introduced even.

Mr. M. N. Paramesvaran Pillai: May I know, since the introduction of these Bills, whether the community has tried to formulate any public opinion in the matter?

Mr. K. George: Perhaps not. The Bill was published no doubt, but it has been only introduced just now.

Mr. M. N. Paramesvaran Pillai: May I point out that the introduction was some months ago in the last session of the meeting. So the Bill must have been published before that.

Mr. K. George: I do not think anything has yet been done to ascertain the opinion of the Christian community. Sir, there are four non-official Christian members and one nominated member in this House. The Bill proposed by Mr. Varghese is opposed by all Christian members excepting himself and the Bill of Mr. John Kattakayam is also opposed by all Christian members excepting himself. (*Laughter.*) That being the case, I would ask the House to consider whether it is justified to allow any legislation on this important matter.

Mr. K. P. Nilakanta Pillai: I also propose to make a few observations on the Bills proposed by Messrs. John Kattakayam and Varghese. There is no denying the fact that those who belong to different communities find it rather difficult to decide one way or the other regarding the Bills under discussion. Even the members of the community who are to be affected by the provisions of the Bill seem to be equally divided in the matter.

Mr. K. George: That is, one against four in both cases.

Mr. K. P. Nilakanta Pillai: Yes Sir, and the Land Revenue Commissioner has come in to upset the balance. In those circumstances, it is very difficult to support one Bill against the other. But at the same time there are certain matters which have to be considered by this House.

I am not convinced by the arguments advanced for and against the position that there was no focussing of public opinion on the Bills now pending before the Legislature. We are aware that there was a very hot discussion about these different Bills when they were introduced here about six months back and those speeches were reported in the newspapers also. Therefore, Sir, the attention of every thinking member of the Christian community must have been drawn to the fact that Bills of a controversial nature have been in-

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Nilakanta Pillai.]

troduced in the Legislature. Now about six months have elapsed after the introduction of these Bills, and as Mr. Kunjitomman rightly observed and admitted that a lot of social conferences were conducted after these Bills were introduced in this House and these matters must have come for consideration in these social conferences also. These lead one to think that the community has not expressed against the Bills. Not only that, opinion is not expressed not even for the Bill. Then, Sir, we come to the question, what is the position of the Legislature in such matters? Of course, it is impossible to pass any measure, especially social legislation, which will have for its support the unanimous opinion of the particular community to be affected by that legislation. It is not the history of social legislation attempted anywhere in the world that a particular measure received the support of the community as a whole. The ideal legislation undertaken should be according to reasonable and progressive notions obtaining here and elsewhere. In this respect, even though we can keep that ideal before us and find our way either to support or oppose the Bills in question, it appears to me that even that ideal is not satisfied in any of these Bills. In Mr. Varghese's Bill, he claims that he attempts an advancement on the existing legislation and if he has erred, has erred only on the conservative side by not providing a clause which will enable the daughter to share equally with sons. If that is a defect according to notions about progressive legislation that is deplorable. Even that is wanting in Mr. Kattakayam's Bill, As the Law Member explained, both the Bills have not attempted any changes in radical directions. If as a matter of fact there was a keen necessity felt by the community for having similar Bills which will satisfy the aspirations of the community, they would have really felt very keenly in the matter. So far as Mr. Kattakayam's Bill is concerned, he is satisfied that almost all the provisions contained in his Bill are only those in the existing Bill Therefore, his is not at all an advance on the existing Regulation. Therefore, we find that the present attempt to amend the law is unnecessary.

Then coming to Mr. Varghese's Bill, there also he has confused all the provisions in the Bill. He says, as one of its objects, to do away with Stridhanam which is the corner-stone of Mr. Kattakayam's Bill. At the same time he will provide a clause recognising all sorts of Stridhanams made to daughter at the time of marriage whether that is advanced by the father, or mother or any relation near or distant. At the same time he would also attempt to reduce the share which the daughter may get from the maternal

LIBRARY ARCHIVES Kerala Legislative Assembly

property by way of patrimony. Also, he would make a half-hearted attempt to give a right to the daughter to share one third of what a son may get. Sir, if it is the progressive view which Mr. Varghese holds in the matter, he would have included in his Bill a provision to do away with Stridhanam and he would have provided for the daughter in such a way as to secure for her an equal opportunity to share with the son. That also is absent in his Bill.

Chairman: The House will now adjourn *sine die.*

The Council adjourned at 4-30 P. M.

P. PARAMESVARAN PILLAI,
Secretary to the Sri Chitra State Council.

LIBRARY ARCHIVES Kerala Legislative Assembly